# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ-അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ശുംഷാദ്.എം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA of OA (EKM) No. 1753/2023 ന്റെ 30.10.2024 തീയതിയിലെ ഉത്തരവ്- അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. Interim Order dated 30.10.2024 of the Hon'ble KAT in MA of OA (EKM) No. 1753/2023
2.ഡോ. ശുംഷാദ്.എം, ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ സമർപ്പിച്ച അപേക്ഷ തീയതി 16.08.2024

## ഉത്തരവ് നം: ഇ.എ1- 10674/2023/ആ.വ.ഡ തീയതി: 26-11-2024

നിലവിൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലി നോക്കുന്ന ഡോ. ശുംഷാദ്.എം, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA of OA (EKM) No. 1753/2023 ന്റെ 30.10.2024 തീയതിയിലെ ഉത്തരവിൽ മഞ്ചേരി ജനറൽ ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവു നികത്തുന്നതിന് മുൻപായി അപേക്ഷക Annexure A11 ആയി സമർപ്പിച്ച അപേക്ഷ കൂടി പരിഗണിക്കണമെന്ന് 2nd respondent ആയ ആരോഗ്യ വകുപ്പ് ഡയറക്ടർക്കു നിർദേശം നൽകിയിരിക്കുന്നു.

2. പരാമർശം (2) പ്രകാരം ഡോ. ശുംഷാദ്.എം സമർപ്പിച്ച അപേക്ഷയിൽ മഞ്ചേരി ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.ശബ്ന കുഞ്ഞി മൊയ്‌ദീൻ -ന് കൺസൾട്ടന്റ് ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 2023 ലെ പൊതു സ്ഥലം മാറ്റത്തിൽ ഡോ. ശുംഷാദ്.എം-ന്റെ ഒന്നാമത്തെ ഓപ്ഷൻ ആയിരുന്നു മഞ്ചേരി ജനറൽ ആശുപത്രി. എന്നാൽ ടിയാളുടെ ഓപ്ഷനുകളിലേയ്ക്ക് കൂടുതൽ

യോഗ്യരായവർക്ക് സ്ഥലം മാറ്റം നല്കേണ്ടിയിരുന്നതിനാൽ ടിയാളുടെ ഓപ്ഷൻ അല്ലാതിരുന്ന പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്കാണ് ടിയാൾക്ക് സ്ഥലം മാറ്റം നൽകിയത്. നിലവിൽ മഞ്ചേരി ജനറൽ ആശുപത്രിയിലെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റത്തിനായി മറ്റ് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

3. മേൽ സാഹചര്യത്തിൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയ ഡോ. ശുംഷാദ്.എം-യെ മഞ്ചേരി ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **MA of OA (EKM) No. 1753/2023** ന്മേലുള്ള **30.10.2024** തീയതിയിലെ ഉത്തരവ് മേൽ പ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 26-11-2024 19:57:20

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ഡോ. ശുംഷാദ്.എം,ജൂനിയർ കൺസൽട്ടന്റ്, അനസ്തേഷ്യ,
സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
2. അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), മലപ്പുറം
4. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്